# MALAYALAM- (Code-012)
# MARKING SCHEME
# Class X (2026-27)

Time Allowed : 3 Hrs — Maximum Marks : 80
അനുവദിച്ചിരിക്കുന്ന സമയം: 3 മണിക്കൂർ — ആകെ മാർക്ക് : 80

## എ. വിഭാഗം. (Section : A)

**1. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തുടർന്നു കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (8x1=8)

1.(i) ചിന്തയെ കലുഷമാക്കുന്ന വാക്കുകളാണ് ഇസങ്ങൾ എന്നാണ് എൽടൻ പറയുന്നത്.

1. (ii) സാഹിത്യത്തിന്റെ ആത്മധർമ്മമെന്ന് പണ്ഡിതന്മാർ നിർവചിച്ചു തന്നതും സഹൃദയന്മാർ കണ്ടറിഞ്ഞു വെച്ചതുമായ ആന്തര ചൈതന്യം തന്നെയാണ് റൊമാന്റിസിസത്തിന്റെ കാതൽ.

1.(iii) സാഹിത്യത്തിന്റെ സാരസർവസ്വം റൊമാന്റിസിസത്തിൽ അടങ്ങിയിരിക്കുന്നുവെന്നും മറ്റ് രണ്ട് പ്രസ്ഥാനങ്ങൾ സാഹിത്യത്തിന് അത്രതന്നെ ഒഴിച്ചുകൂടാത്തവയല്ലെന്നുമാണ് വക്താക്കളുടെ വിശ്വാസം.

1.(iv) സങ്കേതം, ഭാവന, യാഥാർഥ്യം മൂന്നിലൊന്നിനെ അംഗിയും മറ്റ് രണ്ടെണ്ണത്തെ അംഗങ്ങളും ആക്കിക്കൊണ്ട് മാത്രമേ സാഹിത്യത്തിൽ രൂപശില്പങ്ങൾ സൃഷ്ടിക്കാൻ കഴിയൂ.

1.(v) ക്ലാസിസിസം ആണ് സങ്കേതപ്രധാനമായ പ്രസ്ഥാനം.

1.(vi) കാല്പനികത്വമില്ലെങ്കിൽ സാഹിത്യമില്ല എന്ന് ചിന്തിക്കുന്നത് തനി റൊമാന്റിക്കുകൾ ആണ്.

1.(vii) റൊമാന്റിസിസം ആണ് സാഹിത്യത്തിന്റെ പ്രാണനായി നിലകൊള്ളുന്ന പ്രസ്ഥാനം.

1.(viii) ഭാവന

**2.. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തുടർന്നു കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (7x1= 7 )

2. (i) 1980 - കൾക്ക് ശേഷം നിർമ്മിത ബുദ്ധിക്ക് സംഭവിച്ച മാറ്റം വ്യാവസായികമായി പരീക്ഷിക്കാവുന്ന ഒന്നാകണമെന്ന തിരിച്ചറിവ്.

2.(ii) ജോൺവോൺനോയിമാന്റെ

2 (iii) നിർമ്മിത ബുദ്ധി എന്ന് കേൾക്കുമ്പോൾ കൽപിതഭാവം ആണ് എല്ലാവരുടെയും മനസ്സിൽ ഓടിയെത്തുന്നത്

2 (iv) ഡാർട് മൗത്ത് കോളേജിലെ അധ്യാപകനായിരുന്നു ജോൺ മക്കാർത്തി.

2 (v) മനുഷ്യരിലും മൃഗങ്ങളിലും പ്രകടമായ ധൈഷണിക സാമർഥ്യം കൈവരിക്കാനായി കമ്പ്യൂട്ടറുകളെ പ്രോഗ്രാം ചെയ്യുന്ന രീതിയാണ് നിർമ്മിത ബുദ്ധി എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്

2 (vi) മെഷീൻ ലേണിങ്.
2 (vii) 1956.

**ബി. വിഭാഗം. ( Section: B)**

**3. (I) ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക. (5 മാർക്ക് )**

ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിച്ചാൽ മതിയാകും.

ആമുഖം : വിഷയത്തെക്കുറിച്ചുള്ള പൊതുവിവരം. (1 മാർക്ക്)

ഉള്ളടക്കം : വിഷയത്തിലുള്ള അറിവ്, ആശയം, ഭാഷ, അവതരണരീതി, അക്ഷരശുദ്ധി , ഖണ്ഡികാകരണം **(3 മാർക്ക്)**

ഉപസംഹാരം : പ്രതിവിധി, നടപ്പിലാക്കേണ്ട കാര്യങ്ങൾ, ഭാവിയിൽ ഉണ്ടാകാവുന്ന മാറ്റങ്ങൾ. **(1 മാർക്ക്)**

**3.(II) കത്ത്. (5 മാർക്ക്)**

പ്രേഷകൻ
പേര്
വീട്ടുപേര്
സ്ഥലം
ജില്ല
പിൻകോഡ്
സ്വീകർത്താവ്
സ്ഥാനപ്പേര്
വകുപ്പിന്റെ പേര്
സ്ഥലം
ജില്ല
പിൻകോഡ്
വിഷയം...............
അഭിസംബോധന.....
ഉള്ളടക്കം (വിഷയ അവതരണം ,വിഷയ അവലോകനം ,ഉപസംഹാരം)

ഖണ്ഡിക തിരിച്ച് എഴുതുക.

എന്ന്

വിശ്വസ്തതയോടെ

സ്ഥലം (ഒപ്പ്)

തീയതി പേര്

**3.(III) പത്രവാർത്ത. (4 മാർക്ക്)**

രൂപഘടന **(2 മാർക്ക്)**

വാർത്തയുടെ അവതരണം. **(2 മാർക്ക്)**

ഉചിതവും ആകർഷകവും വാർത്തയോട് നീതി പുലർത്തുന്നതുമായ ശീർഷകം.

വാർത്തയുടെ ഉറവിടം - സ്വന്തം ലേഖകൻ / പ്രത്യേക ലേഖകൻ എന്നിവ സംഭവം നടന്ന സ്ഥലം സൂചിപ്പിക്കണം. വാർത്തയുടെ വിവരണം ഖണ്ഡിക തിരിച്ചെഴുതണം. പത്രവാർത്തയുടെ ഭാഷ ഋജുവും ലളിതവുമായിരിക്കണം. ആലങ്കാരികമോ, സന്ദേഹം ജനിപ്പിക്കുന്നതോ ആകരുത്.

## സി. വിഭാഗം. (Section : C)

**4 (I) അംഗാഗിവാക്യങ്ങൾ വേർതിരിച്ചെഴുതുക.**

4. (i) അംഗവാക്യം - - അടുത്ത് നിന്ന് നോക്കിക്കൊണ്ടിരുന്ന. (½മാർക്ക്)

അംഗി വാക്യം -- എന്റെ ഉള്ളിൽ കോപം തിളച്ചു മറിഞ്ഞു (½മാർക്ക്)

4.(ii) അംഗവാക്യം - - സൂര്യൻ ഉദിച്ചുയരുന്നതിനു മുൻപായി. (½മാർക്ക്)

അംഗിവാക്യം -- ഞാൻ വീട്ടിൽ തിരിച്ചെത്തി. (½മാർക്ക്)

**4 (II) പ്രയോഗം മാറ്റുക.**

4. (i) മരങ്ങൾ എന്നാൽ നോക്കിയിരിക്കപ്പെടുകയാണ്. (1 മാർക്ക്)

**OR**

എന്നാൽ മരങ്ങൾ നോക്കിയിരിക്കപ്പെടുകയാണ്.

4. (ii) തൽഫലമായി യുവാക്കൾ ആ വേദാധ്യയനത്തെ എതിർത്തു. (1മാർക്ക്

**4. (III) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.**

4.(i) പരീക്ഷ കഴിഞ്ഞ് വേനലവധി ആരംഭിച്ചു. (1 മാർക്ക്)

4.(ii). അല്പനേരം മൗനമായിരുന്നതിനു ശേഷം അദ്ദേഹം എങ്ങോട്ടോ നോക്കി പതുക്കെ പറയാൻ തുടങ്ങി. (1 മാർക്ക്)

**OR**

അല്പനേരം നിശബ്ദനായിരുന്നതിനു ശേഷം അദ്ദേഹം എങ്ങോട്ടോ നോക്കി പതുക്കെ പറയാൻ തുടങ്ങി

**4 (IV) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** **(2 മാർക്ക്)**

4. (i) അവാച്യമായ -- വിവരിക്കാൻ പ്രയാസമുള്ള

4. (ii) വിസ്മരിക്കുക -- മറക്കുക.

4. (iii) വിശാലമനസ്കൻ -- വിശാലഹൃദയമുള്ളവൻ.

ശൈലിയുടെ അർഥം മനസ്സിലാക്കി ഉചിതമായ രീതിയിൽ വാക്യങ്ങൾ നിർമ്മിക്കുക.

**5. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** [7x1=7]

**തെരഞ്ഞെടുത്ത് എഴുതുക.**

5. (I) B. ക്ഷീരം

5. (II) A. ആചാര്യ

5. (III) B. ഇകഴ്ത്തുക

5. (IV) C. വീട് -- ശരീരം

5. (V) C. ശത്രു

5. (VI) D. അതിശയ + ഉക്തി

5. (VII) A. മൂഢമായ സ്വപ്നം

5. (VIII) D. ആഡംബരം

5. (IX) B. അനുക്ഷണം

5. (X) C. നിരാശ്രയത്വം

## ഡി വിഭാഗം. (Section : D)

**6. തന്നിരിക്കുന്ന പന്ത്രണ്ട് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക (ഓരോന്നിനും 2 മാർക്ക് വീതം)** [9x2=18]

6. (I) (i) C. മനുഷ്യരാശിയെ

(ii) B. മനുഷ്യരാശി ശാശ്വതമായി നിലനിൽക്കും

6. (II) (i) B. മാതൃഭാഷ

(ii) D. വള്ളത്തോൾ നാരായണമേനോൻ

6. (III) (i) A. വികസന കാഴ്ചപ്പാടുകളോട് മുഖം തിരിച്ചു നിൽക്കുന്ന സമൂഹ മനസ്സ്.

(ii) D. കാറ്റേ കടലേ

6. (IV) (i) A. പഞ്ചവർണ്ണക്കിളി പെണ്ണിനോട്

(ii) C. കർണ്ണസുഖം നൽകുന്ന

6.(V) (i) C. ഐശ്വര്യദേവതയെ

(ii) C. മലയാളത്തിന്റെ ശ്രീ

6.(VI) (i) B. ശാസ്ത്രം

(ii) B. ആർക്കും പിടിച്ചു കെട്ടാൻ ആവാത്ത സമയപ്രവാഹം.

6.(VII) (i) A. പ്രകൃതി നാശത്തോടുള്ള പ്രതിഷേധം.

(ii) C. കെ. യു. നായരെ.

6. (VIII) (i) B. സംസ്കാരശൂന്യതയുടെ.

(ii) D. ഭാഷ.

6.(IX) (i) C. അമ്മയും അച്ഛനും കൂടിയുള്ള ഫോട്ടോ.

(ii) A. ബുദ്ധസന്യാസിയുടെ.

6. (X) (i) D. യുനസ്കോരേഖ.

(ii) B. സാമ്പത്തിക ശേഷിയുള്ള രാജ്യങ്ങൾ.

6. (XI) (i) A. അസമത്വം

(ii) C. വി. ടി. ഭട്ടതിരിപ്പാട്.

6. (XII) (i) C. നേപ്പാൾ

(ii) B. കൽക്കത്ത.

**7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക.**

(3x3=9)

( ഉത്തരങ്ങൾ ഖണ്ഡിക തിരിച്ചെഴുതണം, എല്ലാ ഉത്തരങ്ങൾക്കും ആമുഖം വേണം. എഴുത്തുകാർ, കൃതി, പാഠഭാഗം എന്നിവയെക്കുറിച്ച് സൂചിപ്പിക്കണം. പാഠപുസ്തകത്തിലെ ഉത്തരം വരുന്ന ഭാഗത്തിന് പ്രാധാന്യം നൽകിക്കൊണ്ടായിരിക്കണം ഉത്തരം എഴുതേണ്ടത്.)

7. (I) വ്യക്തിത്വരൂപീകരണത്തിന് മാതൃഭാഷ സഹായകമാകുന്നു- - അറിവ് ആഴത്തിൽ -- തിരിച്ചറിയാനും അത് ഹൃദയത്തിൽ പതിയാനും മാതൃഭാഷ അനിവാര്യമാണ് - വേദങ്ങളും, ശാസ്ത്രങ്ങളും , കാവ്യങ്ങളും മനസ്സിൽ പതിയുന്നത് മാതൃഭാഷയിലൂടെയാണ് -- രാമായണം, മഹാഭാരതം, ഉപനിഷത്ത് തുടങ്ങിയ മഹത്തായ ഗ്രന്ഥങ്ങളിലെ ആശയങ്ങൾ പകർന്ന – ഭാഷയുടെ മഹത്വം എഴുതുക .

7 (II) സമത്വ സുന്ദരമായ ഒരു ലോകം സ്വപ്നം കാണുന്ന കവി - - എല്ലാവരിലും വെളിച്ചം നിറയ്ക്കുന്ന വിഷുക്കണിയെ കുറിച്ചുള്ള ഓർമ്മകൾ - ഉരുളിയുടെ .ഇത്തിരി വെട്ടത്തിലുള്ള പ്രകാശം സമൂഹമാകെ പരക്കണമെന്ന് ചിന്തിക്കുന്നു - വിഷുക്കണിയുടെ വെളിച്ചം തനിക്ക് മാത്രമല്ല തന്റെ ചങ്ങാതിമാർക്കും കൂടി അനുഭവിക്കാൻ പര്യാപ്തമാകുന്ന കാലം കവി സ്വപ്നം കാണുന്നു -- ഐശ്വര്യ ദേവതയെ ചെറുവട്ടത്തിലൊതുക്കി അസമത്വത്തിന്റെ വക്താവാകാൻ കഴിയില്ല. - -സമത്വത്തിന്റെ പുലരി ഉദിച്ചുയരുന്നത് സ്വപ്നം കാണുന്നു കവി.

7.(III) ശാസ്ത്ര പുരോഗതിയുടെയും, സംസ്കാരത്തിന്റെയും അനന്തമായ പ്രയാണം -- മനുഷ്യർ കണ്ട സ്വപ്നങ്ങളെ സാക്ഷാൽക്കരിക്കുന്ന പ്രയാണം - സർഗ്ഗശക്തിയും, അധ്വാനശക്തിയും ഒന്നിച്ചു പോരാടി വിജയം വരിച്ച കഥ - പരിവർത്തനത്തിന്റെ ഞാണൊലി മുഴക്കുന്ന ശാസ്ത്രശക്തി -- കോടി കോടി പുരുഷാന്തരങ്ങളിലൂടെ കൈവരിച്ച നേട്ടത്തിന്റെ പടവുകൾ - - പൂർവികരുടെ ത്യാഗങ്ങളാണ് മനുഷ്യ പുരോഗതിയുടെ അടിസ്ഥാനം.- - മനുഷ്യശക്തിയിൽ വിശ്വസിക്കുന്ന കവി.

7.(IV)കിളിയെ വിളിച്ച് കഥ പാടുന്ന രീതി - - സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന ശൈലി - - ഗഹനമായ ആശയങ്ങളെ ഉദാഹരണസഹിതം വിശദമാക്കുന്നു - സംസ്കൃത പദങ്ങൾ മലയാള ശൈലിക്ക് അനുയോജ്യമായ രീതിയിൽ പ്രയോഗിച്ചു - കിളികൾക്ക് നൽകുന്ന ഭോജ്യം പോലെ മധുരമുള്ള ഭാഷ- ---- ഭാഷാപ്രയോഗത്തിലൂടെ ലോകത്തെ ഉപദേശിക്കുന്നു.

**8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക.**

(3x3=9)

8.(I) കേരളത്തിൽ ചരിത്രം രചിച്ച നാടകം അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് - മറക്കുടക്കുള്ളിൽ കാലയാപനം ചെയ്ത അന്തർ ജനങ്ങളെ അരങ്ങിലെത്തിച്ചു - വേദാധ്യയനവും മതപഠനവും മാത്രം നടത്തിയിരുന്ന യുവാക്കളിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കാൻ കഴിഞ്ഞു - ബ്രാഹ്മണ വിവാഹ സമ്പ്രദായങ്ങളിൽ മാറ്റമുണ്ടാക്കാൻ സാധിച്ചു - പാറ പോലെ ഉറച്ചുകിടന്ന ആചാരങ്ങളെ തകർത്തെറിഞ്ഞ് ചരിത്രം രചിക്കാൻ ഈ നാടകത്തിന് കഴിഞ്ഞു.

8.(II) വിജ്ഞാനമേഖലയിലെ വികാസം ഭാഷയും സംസ്കാരവുമായി ബന്ധപ്പെടുന്നു -- വിജ്ഞാനധാരകളെ ഉൾക്കൊള്ളാൻ ഭാഷയ്ക്ക് സാധിക്കണം -- പുതിയ അറിവ് സ്വായത്തമാക്കാൻ ഭാഷയുടെ വ്യത്യസ്ത തലങ്ങൾ പ്രയോജനപ്പെടുത്തണം -- പുതിയ വിജ്ഞാന ലോകത്തിലേക്ക് കടക്കുമ്പോൾ മറ്റു ഭാഷകളും സംസ്കാരങ്ങളും നമ്മെ തേടി വരും -- നിരന്തരമായ അറിവ് പുതിയ സംസ്കാരത്തിലേക്ക് നയിക്കും -- ജനജീവിതത്തെ മെച്ചപ്പെടുത്തും --- പുതിയ സാമൂഹിക വീക്ഷണം രൂപപ്പെടും -- വിജ്ഞാന മേഖലയിലെ നിരന്തര വികസനത്തിന്റെ ഫലമായി അഭിപ്രായസ്വാതന്ത്ര്യം വിദ്യാഭ്യാസത്തിനുള്ള അവകാശം ,സാംസ്കാരിക ജീവിതത്തിൽ പങ്കുചേരാനുള്ള അവകാശം കൈവരുന്നു.

8.(III) വളർന്നുവരുന്ന സമൂഹം മാതൃഭാഷയെ മനപ്പൂർവ്വം മറക്കുന്നു- ലേഖകന് മാതൃഭാഷ ജീവഭാഷയാണ് അങ്ങേയറ്റം വൈകാരിക ബന്ധമുള്ളതാണ് -- ഭാഷയിലൂടെ നമ്മുടെ സംസ്കാരത്തെയും പാരമ്പര്യത്തെയും വിനിമയം ചെയ്യപ്പെടുന്നു -- മാതൃഭാഷയെ മറക്കുന്നവർ സ്വന്തം നാട്, സംസ്കാരം, മാതാപിതാക്കൾ എല്ലാവരിൽ നിന്നും അന്യരായി മാറുന്ന കാഴ്ചകളാണ് ഇന്ന് കാണുന്നത് -- മാതൃഭാഷയെ കൈയും കാലും കെട്ടി മൂലയിൽ ഇട്ടിരിക്കുന്നു -- കേവലം വ്യാപാരത്തിനു വേണ്ടി മാത്രം ഭാഷ പഠിക്കുന്ന നമ്മൾ നമ്മുടെ അസ്തിത്വം തന്നെയാണ് ഇല്ലാതാക്കിയിരിക്കുന്നത്.

8.(IV) പരിസ്ഥിതി സൗഹൃദ കാഴ്ചപ്പാട് മനുഷ്യരിൽ അകന്നു പോയിരിക്കുന്നു -- വാർദ്ധക്യകാലത്ത് മക്കളോടൊപ്പം സ്വസ്ഥമായി താമസിക്കാൻ ആഗ്രഹിക്കുന്ന കഥാനായകൻ - - മുറ്റത്തെ എല്ലാ മരങ്ങളും വെട്ടി മാറ്റുന്നു - ഇന്റർലോക്ക് ചെയ്ത് മണ്ണിനെ അടക്കം ചെയ്യുന്നു - സുഖസൗകര്യത്തിനും സൗന്ദര്യവൽക്കരണത്തിനും വേണ്ടിയുള്ള പരിഷ്കാരങ്ങൾ മനുഷ്യന്റെ ജീവിതത്തെയും നിലനിൽപ്പിനെയും ഇല്ലാതാക്കുന്നു. - മക്കളോടൊപ്പമുള്ള ജീവിതം സ്വപ്നം കണ്ട കഥാനായകന് അത് കൈമോശം വരുന്നു.

---